2026
OCTOBER
06
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# കൂടുതൽ വിമാന സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** കൊച്ചി ബാങ്കോക്ക്, കൊച്ചി കുവൈത്ത്, തിരുവനന്തപുരം ബഹ്റൈൻ, തിരുവനന്തപുരം റിയാദ് എന്നിവയുൾപ്പടെ ഇന്ത്യയിലെ വിവിധ വിമാനത്താവളങ്ങളിൽ നിന്നും 150 അന്താരാഷ്ട്ര സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസിന്റെ വിപുലീകരിച്ച ശീതകാല ഷെഡ്യൂൾ പ്രഖ്യാപാച്ചു. ഇതുവരെയുള്ളതിൽ ഏറ്റവും വിപുലമായ ഈ ശീതകാല ഷെഡ്യൂളിൽ 435 ആഭ്യന്തര സർവീസുകൾ ഉൾപ്പടെ പ്രതിദിനം 585 വിമാന സർവീസുകളുമാണുള്ളത്. ഒക്ടോബർ 25 മുതൽ ഘട്ടംഘട്ടമായി പുതിയ ഷെഡ്യൂൾ നടപ്പാക്കും. 105ലേറെ വിമാനങ്ങളാണ് നിലവിൽ എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്.

ആഭ്യന്തര, അന്താരാഷ്ട്ര മേഖലകളിലായി 40ലേറെ പുതിയ റൂട്ടുകളിൽ എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് ആരംഭിക്കും.2026ലെ വേനൽക്കാല ഷെഡ്യൂളിൽ ആഴ്ചതോറും 3,150ഓളം സർവീസുകളാണുണ്ടായിരുന്നത്. പുതിയ സമയക്രമം പ്രകാരം ഇത് ഏകദേശം 4,100 ആയി ഉയരും. വൺ സ്റ്റോപ്പ് കണക്ഷൻ സർവീസുകളുടെ എണ്ണം ആഴ്ചതോറും ഏകദേശം 1,600 ആയി ഉയരും. നേരത്തെയിത് 1,330 ആയിരുന്നു.

ശീതകാല ഷെഡ്യൂളിന്റെ ഭാഗമായി കൊച്ചിബാങ്കോക്ക്, ബാങ്കോക്ക്-ഇൻഡോർ, ലഖ്നൗ-റാസ് അൽ ഖൈമ, ഫുക്കറ്റ്-ഹൈദരാബാദ് റൂട്ടുകളിൽ ആഴ്ചയിൽ നാല് സർവീസുകൾ വീതം നടത്തും. ബഹ്റൈൻ-തിരുവനന്തപുരം, ബാങ്കോക്ക്-വിശാഖപട്ടണം, മംഗളൂരു-റാസ് അൽ ഖൈമ റൂട്ടുകളിൽ ആഴ്ചയിൽ രണ്ട് വീതവും റിയാദ്-തിരുവനന്തപുരം, ഷാർജ-സൂറത്ത് റൂട്ടുകളിൽ ആഴ്ചയിൽ മൂന്ന് വരെയും സർവീസുകൾ ഉണ്ടായിരിക്കും. അബുദാബി-ഗോവ (മോപ്പ), അമൃത്സർ-അബുദാബി എന്നിവിടങ്ങളിൽ ആഴ്ചയിൽ മൂന്ന് സർവീസുകൾ വീതം ആരംഭിക്കും.

ബെംഗളൂരു-കാഠ്മണ്ഡു, ദുബായ്-ഗോവ (ദബോലിം) റൂട്ടുകളിൽ ആഴ്ചയിൽ ഏഴ് സർവീസുകൾ വീതം ഉണ്ടായിരിക്കും. കൊച്ചി-കുവൈത്ത്, ലഖ്നൗ-റിയാദ്, മംഗളൂരു-കുവൈത്ത്, മുംബൈ-കുവൈത്ത് റൂട്ടുകളിൽ ആഴ്ചയിൽ മൂന്ന് സർവീസുകൾ വീതവും ഉണ്ടായിരിക്കും. ഭോപ്പാൽ-ഷാർജ റൂട്ടിൽ മൂന്ന് സർവീസുകളും ചണ്ഡീഗഢ്-ഷാർജയിൽ നാല് സർവീസുകളും ചെന്നൈ-സിംഗപ്പൂരിൽ 14 സർവീസുകളും ഡൽഹി-റിയാദിൽ നാല് സർവീസുകളും നടത്തും.

ആഭ്യന്തര മേഖലയിൽ അഹമ്മദാബാദ്-ഡൽഹി, ബെംഗളൂരു-ഗോവ (മോപ്പ), ബെംഗളൂരു-ജോധ്പൂർ, ബെംഗളൂരു-മധുര, ഡൽഹി-ശ്രീ വിജയപുരം (പോർട്ട് ബ്ലെയർ), ഡൽഹി-ഉദയ്പൂർ, ഹൈദരാബാദ്-പുണെ, മുംബൈ-നാഗ്പൂർ റൂട്ടുകളിൽ ആഴ്ചയിൽ ഏഴ് വീതം സർവീസുകൾ നടത്തും.

ബെംഗളൂരു-കോയമ്പത്തൂർ റൂട്ടിൽ ആഴ്ചയിൽ 14 സർവീസുകൾ ഉണ്ടായിരിക്കും. ഭുവനേശ്വർ-ശ്രീ വിജയപുരം (പോർട്ട് ബ്ലെയർ) റൂട്ടിൽ നാല് സർവീസുകളും ഭോപ്പാൽ-നവി മുംബൈയിൽ മൂന്ന് സർവീസുകളും ഡൽഹി-ജയ്പൂരിൽ അഞ്ച് സർവീസുകളും ഹൈദരാബാദ്-മംഗളൂരുവിൽ മൂന്ന് സർവീസുകളും ഇൻഡോർ-നവി മുംബൈയിൽ നാല് സർവീസുകളും നടത്തും. കൊൽക്കത്ത-പുണെ റൂട്ടിൽ ആഴ്ചയിൽ രണ്ട് സർവീസുകളുമുണ്ടാകും.




# ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ബേക്ക് എക്സ്പോ അങ്കമാലിയിൽ

**കൊച്ചി :** പന്ത്രണ്ടായിരത്തിലധികം ബേക്കറി ഉടമകൾ അംഗങ്ങളായുള്ള ബേക്കേഴ്സ് അസോസിയേഷൻ കേരള (ബേക്ക്) ബേക്കറി മേഖലയിലെ പുതിയ രീതികളും നൂതന ടെക്നോളജികളും പുത്തൻ ആശയങ്ങളും പരിചയപ്പെടുത്താനായി സംഘടിപ്പിക്കുന്ന ആറാമത് ബിടുബി 'ബേക്ക് എക്സ്പോ 2026' അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ഒക്ടോബർ 9,10,11 തീയതികളിലായി നടക്കും.

എക്സ്പോയുടെ ഉദ്ഘാടനം ഒമ്പതാം തിയതി രാവിലെ 11ന് വ്യവസായ വകുപ്പ് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നിർവ്വഹിക്കും. ബേക്ക് കെയർ ഫൗണ്ടേഷന്റെ കൂപ്പൺ പ്രകാശനം ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കുന്ന ചടങ്ങിൽ ബെന്നി ബഹനാൻ എംപി നിർവഹിക്കും.

എക്സ്പോയുട രണ്ടാം ദിനം ബേക്കറി മേഖലയിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കാനും സംരംഭങ്ങൾ ആരംഭിക്കാനും ആഗ്രഹിക്കുന്നവർക്കായി കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഫുഡ്ടെക് ആൻഡ് ബേക്ക് ഇന്നൊവേഷൻ പിച്ചത്തോൺ 'ബേക്ക് നെക്സ്റ്റ്'രാവിലെ 10.30ന് മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മുൻ മന്ത്രി കെ.ബാബു മുഖ്യാതിഥിയാകും.

ഫുഡ്, ബേക്കറി മേഖലയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും സംരഭകർക്കും തങ്ങളുടെ പക്കലുള്ള നൂതന ആശയങ്ങൾ അവതരിപ്പിക്കാനുള്ള വേദിയാണ് ബേക്ക് ഇന്നൊവേഷൻ പിച്ചത്തോൺ. മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് വനിത, ശിശുക്ഷേമ മന്ത്രി അഡ്വ.ബിന്ദു കൃഷ്ണ അവാർഡ് സമ്മാനിക്കും.

1883 ഡിസംബർ 20ന് തലശ്ശേരിയിൽ ആദ്യമായി കേക്ക് നിർമ്മിച്ച് ബേക്കറി ബിസിനസ്സിന് കേരളത്തിൽ തുടക്കമിട്ട മാമ്പുള്ളി ബാപുവിന്റെ പാത പിൻതുടർന്നെത്തിയ ബേക്കറി ഉടമകളുടെ പിൻതലമുറക്കാരുടെ കൂട്ടായ്മയായ സ്മാർട്ടി ടീമിന്റെ സമ്മേളനം എക്സ്പോയുടെ മൂന്നാം ദിവസമായ 11ന് രാവിലെ 10.30ന് എറണാകുലം ജില്ലാ കളക്ടർ ജി.പ്രിയങ്ക ഉദ്ഘാടനം ചെയ്യും. സ്മാർട്ട് ടീം സംസ്ഥാന പ്രസിഡന്റ് നിവേദ് നാഥ് അധ്യക്ഷത വഹിക്കും. വൈകുന്നേരം മൂന്നിന് നടക്കുന്ന സമാപന സമ്മേളനം ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്യും. ആയിരത്തിലധികം സംരംഭകർ എക്സ്പോ സന്ദർശിക്കുമെന്ന് ബേക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേം ശങ്കർ,വിജേഷ് വിശ്വനാഥ്,എ നൗഷാദ്,ജില്ലാ പ്രസിഡന്റ് വി പി അബ്ദുൽ സലീം,വി എസ് ശിവദാസ്,സരുൺ എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

# 2030ഓടെ 1,000 കോടി രൂപയുടെ വരുമാനം ലക്ഷ്യമിട്ട് സ്കിൻ

**കൊച്ചി:** മുൻനിര ഫൈൻ ഫ്രാഗ്രൻസ് ബ്രാൻഡുകളിലൊന്നായ ടൈറ്റൻ കമ്പനിയുടെ 'സ്കിൻ', വളർച്ചയുടെ പുതിയ ഘട്ടത്തിലേക്ക് കടക്കുന്നു. അതിവേഗം വളരുന്ന ഇന്ത്യൻ ഫ്രാഗ്രൻസ് വിപണിയിൽ തങ്ങളുടെ സ്ഥാനം കൂടുതൽ കരുത്തുറ്റതാക്കാനാണ് ബ്രാൻഡ് ലക്ഷ്യമിടുന്നത്. ഉപഭോക്താക്കളുടെ മാറുന്ന അഭിരുചികൾക്കും താൽപ്പര്യങ്ങൾക്കും അനുസരിച്ച് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്ന സ്കിൻ, 2030 സാമ്പത്തിക വർഷത്തോടെ വാർഷിക വരുമാനം 1,000 കോടി രൂപയിലെത്തിക്കാനും 80 ലക്ഷം ഉപഭോക്താക്കളെ സ്വന്തമാക്കാനും ലക്ഷ്യമിടുന്നു.




ഇന്ത്യൻ ഫ്രാഗ്രൻസ് വിപണിയുടെ ഇപ്പോഴത്തെ മൂല്യം ഏകദേശം 4,500 കോടി രൂപയാണ്. അടുത്ത നാല് വർഷത്തിനുള്ളിൽ 13 മുതൽ 15 ശതമാനം വരെ വാർഷിക വളർച്ചയോടെ 2030 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം 7,000 കോടി രൂപയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉപഭോക്താക്കളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനായി, പ്രമുഖ ബോളിവുഡ് താരങ്ങളായ ആയുഷ്മാൻ ഖുറാനയെയും ശോഭിത ധൂലിപാലയെയും സ്കിൻ തങ്ങളുടെ ബ്രാൻഡ് അംബാസഡർമാരായി പ്രഖ്യാപിച്ചു. പെർഫ്യൂം വിശേഷദിവസങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട ഒന്നല്ലെന്നും, അത് ദൈനംദിന ജീവിതത്തിന്റെയും വ്യക്തിത്വപ്രകടനത്തിന്റെയും ഭാഗമാണെന്നും പുതിയ തലമുറയിലെ ഉപഭോക്താക്കളെ ബോധ്യപ്പെടുത്താൻ ഈ താരങ്ങളുടെ സാന്നിധ്യം ബ്രാൻഡിനെ സഹായിക്കും.

പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിലെ മികവിലൂടെ പെർഫ്യൂം വിപണിയിൽ ശക്തമായ മുന്നേറ്റം നടത്താൻ സ്കിന്നിന് സാധിച്ചിട്ടുണ്ടെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡിന്റെ ഫ്രാഗ്രൻസ് ആൻഡ് ആക്സസറീസ് ഡിവിഷൻ സിഇഒ മനീഷ് ഗുപ്ത പറഞ്ഞു. സ്കിന്നിന്റെ ബ്രാൻഡ് അംബാസഡർമാരായ ആയുഷ്മാൻ ഖുറാനയും ശോഭിത ധൂലിപാലയും തങ്ങളുടെ വ്യക്തിത്വത്തിലൂടെയും സാംസ്കാരിക സ്വാധീനത്തിലൂടെയും പുതിയ കാലത്തെ ഉപഭോക്താക്കളുമായി മികച്ച രീതിയിൽ സംവദിക്കാൻ കഴിവുള്ളവരാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

# എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രത്യേക വെബ്സൈറ്റ്



**തിരുവനന്തപുരം:** കേരളത്തിലെ 1,200 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകൾ നിലവിൽ വന്നു. തദ്ദേശസ്ഥാപനങ്ങളുടെ ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സേവനങ്ങളുടെ ഗുണനിലവാരവും ഓഫീസിലെ സൗകര്യങ്ങളും സംബന്ധിച്ച പ്രതികരണം രേഖപ്പെടുത്താനുള്ള ക്യു ആർ കോഡ് സംവിധാനത്തിനും തുടക്കമായി.

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഔദ്യോഗിക വെബ്സൈറ്റുകളുടെയും ക്യുആർ കോഡ് അധിഷ്ഠിത സിറ്റിസൺ ഫീഡ് ബാക്ക് സംവിധാനത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി സന്നിഹിതനായിരുന്നു.

പൊതുജനങ്ങളെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും കൂടുതൽ അടുപ്പിക്കുന്ന സംവിധാനമാണ് തദ്ദേശസ്ഥാപനങ്ങളുടെ പുതിയ വെബ്സൈറ്റെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വളരെ ജനാധിപത്യപരമായ ഇടപെടലാണിത്. കേരളത്തിലെ 941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്കെല്ലാം ഔദ്യോഗിക വെബ്സൈറ്റ് നിലവിൽ വന്നു. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനും സ്വന്തം സ്ഥാപന പ്രൊഫൈൽ, ഭരണപരമായ വിവരങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൗരസേവനങ്ങൾ, വികസന പദ്ധതികൾ, ബജറ്റ്, തീരുമാനങ്ങൾ, അറിയിപ്പുകൾ, റിപ്പോർട്ടുകൾ, ടെൻഡറുകൾ തുടങ്ങിയ പൊതുവിവരങ്ങൾ പ്രസിദ്ധീകരിക്കാനും ലഭ്യമാക്കാനും സാധിക്കും. കൂടാതെ, ഓരോ പ്രദേശത്തിന്റെയും പ്രാദേശിക ചരിത്രം, സംസ്കാരം, പൈതൃകം, വിനോദസഞ്ചാരം, പ്രകൃതി വിഭവങ്ങൾ, വികസന പ്രവർത്തനങ്ങൾ, നേട്ടങ്ങൾ എന്നിവയും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള വേദിയായി വെബ്സൈറ്റുകൾ പ്രവർത്തിക്കും. ഈ വെബ്സൈറ്റുകൾ വഴി പൊതുജനങ്ങൾക്ക് ഡിജിറ്റൽ സേവന സംവിധാനങ്ങളിലേക്ക് നേരിട്ടുള്ള പ്രവേശനം സാധ്യമാകും. K-SMART ഉൾപ്പെടെയുള്ള സർക്കാർ ഡിജിറ്റൽ സംവിധാനങ്ങളുമായുള്ള സംയോജനത്തിലൂടെ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, കെട്ടിടവുമായി ബന്ധപ്പെട്ട സേവനങ്ങൾ, ലൈസൻസുകൾ, പണമടയ്ക്കൽ, അപേക്ഷകൾ, പരാതിപരിഹാര സേവനങ്ങൾ തുടങ്ങിയവയിലേക്ക് പൗരന്മാർക്ക് സൗകര്യപ്രദമായി പ്രവേശിക്കാനാകും.

ക്യു ആർ കോഡ് സംവിധാനത്തിലൂടെ അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് തദ്ദേശഭരണത്തിൽ ക്രിയാത്മകമായി ഇടപെടാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ എത്തുന്ന സാധാരണക്കാരന് ഉദ്യോഗസ്ഥരുടെ പെരുമാറ്റം അടക്കമുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് ഇത് ഉപയോഗപ്പെടുത്താമെന്നും മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശസ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുള്ള ക്യു ആർ കോഡ് മൊബൈൽ ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്ത് അനുഭവവും അഭിപ്രായവും രേഖപ്പെടുത്താം.

ജീവനക്കാരുടെ പെരുമാറ്റവും സഹകരണവും, ആവശ്യമായ സേവനത്തെക്കുറിച്ചുള്ള വിവരങ്ങളുടെയും മാർഗനിർദേശങ്ങളുടെയും ലഭ്യത, സേവനം ലഭിക്കുന്നതിനുള്ള നടപടിക്രമവും കാത്തിരിക്കേണ്ട സമയവും, ഓഫീസിലെ കാത്തിരിപ്പ് സ്ഥലം, ഇരിപ്പിടം, ശുചിമുറി എന്നിവയുടെ വൃത്തിയും ശുചിത്വവും, ഫെസിലിറ്റേഷൻ സെന്ററിലെ അവശ്യസൗകര്യങ്ങളുടെ (ഫോമുകൾ, സ്റ്റേഷനറി, ഇന്റർനെറ്റ് തുടങ്ങിയവ) ലഭ്യതയും പ്രാപ്യതയും എന്നീ കാര്യങ്ങളെക്കുറിച്ച് പൗരന്മാർക്ക് പ്രതികരണം നൽകാം. പൗരന്മാരുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെ ഗ്രേഡിംഗ് അതത് സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കും.

മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ടി.വി. അനുപമ, സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ്, പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ് അയ്യർ, ഡയറക്ടർ (റൂറൽ) അപൂർവ ത്രിപാഠി തുടങ്ങിയവർ പങ്കെടുത്തു.



# മുതിർന്ന പൗരന്മാർ ബാധ്യതയല്ല, സാധ്യതയാണ്: മന്ത്രി സി പി ജോൺ

**തിരുവനന്തപുരം:** മുതിർന്ന പൗരന്മാർ സമൂഹത്തിന് ബാധ്യതയല്ലെന്നും 'സിൽവർ ഇക്കോണമി'യുടെ ഭാഗമായി കാണേണ്ട വലിയ സാധ്യതയാണെന്നും ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ ഭാവിയിൽ മുതിർന്ന പൗരന്മാരുടെ ജനസംഖ്യാ വർധനവ് മുന്നിൽകണ്ട് മികച്ച പദ്ധതികൾ സർക്കാർ നടപ്പിലാക്കും. പ്രായം കൂടുന്നതിനനുസരിച്ച് വരുമാന സ്രോതസ്സുകളും തൊഴിലെടുക്കാനുള്ള ശാരീരികശേഷിയും കുറയുന്ന സാഹചര്യത്തിൽ മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക പിന്തുണയും പരിചരണവും ഉറപ്പാക്കുന്ന ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. മുതിർന്ന പൗരന്മാർക്ക് താങ്ങും തണലുമായി സർക്കാർ ഒപ്പമുണ്ടെന്ന സന്ദേശമാണ് സംസ്ഥാനതല വയോജന ദിനാഘോഷത്തിലൂടെ നൽകുന്നത്. പുതിയ തലമുറയിലെ കുട്ടികളെയും വയോജനങ്ങളെയും പരസ്പരം ബന്ധിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിലൂടെ സ്നേഹവും സന്തോഷവും പങ്കുവയ്ക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കെ മുരളീധരൻ മുതിർന്നവരുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിച്ചു. കിടപ്പുരോഗികളുടെ വീടുകളിലെത്തി ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ മരുന്നുകൾ എത്തിക്കുന്നതിനുമായി പ്രത്യേക സംഘങ്ങളെ സജ്ജമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വയോജനങ്ങളെ അടിയന്തരമായി ആശുപത്രികളിലെത്തിക്കുന്നതിനായി ഐ സി യു സൗകര്യമുള്ള 300 പുതിയ 108 ആംബുലൻസുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ നിരത്തിലിറക്കും. മക്കൾ വിദേശത്തും മറ്റ് സ്ഥലങ്ങളിലും ജോലി ചെയ്യുന്നതിനാൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന പൗരന്മാരെ സമൂഹത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് തയാറാക്കിയ മുതിർന്ന പൗരന്മാർക്കുള്ള സമഗ്ര ഹെൽത്ത് കെയർ ആക്ഷൻ പ്ലാൻ ചടങ്ങിൽ വച്ച് മുഖ്യമന്ത്രി വി ഡി സതീശന് മന്ത്രി കെ മുരളീധരൻ കൈമാറി.





# കേരളത്തിന്റെ വികസനത്തിൽ മുതിർന്ന പൗരന്മാരുടെ സേവനം പ്രയോജനപ്പെടുത്തും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിലും പുരോഗതിയിലും മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സേവനവും സജീവമായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് ആദ്യമായി മുതിർന്ന പൗരന്മാർക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ച് കേരളം പുതിയ മാതൃക സൃഷ്ടിക്കുകയാണ്. വയോജന സംരക്ഷണം സർക്കാരിന്റെ ഔദാര്യമെന്ന നിലയിൽ കാണാതെ നിയമപരമായ അവകാശമായി ഉറപ്പാക്കുന്നതിനുള്ള സമഗ്ര നിയമനിർമാണം നിയമസഭയിൽ അവതരിപ്പിക്കും. കേവലം ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിൽ ഒതുങ്ങാതെ മുതിർന്നവരുടെ അനുഭവവും കഴിവുകളും നാടിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്ന ’സിൽവർ ഇക്കോണമി’ എന്ന കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2036ഓടെ കേരളത്തിലെ ജനസംഖ്യയുടെ 38 ശതമാനത്തോളം മുതിർന്ന പൗരന്മാരാകുമെന്ന പഠനറിപ്പോർട്ട് മുൻനിർത്തിയാണ് സർക്കാർ പുതിയ നടപടികളിലേക്ക് കടക്കുന്നത്. മുതിർന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി ചെയർപേഴ്സണായുള്ള ഗവേണിങ് കൗൺസിൽ രൂപീകരിക്കും. അന്താരാഷ്ട്ര മാതൃകകൾ പഠിച്ച് നിർദേശങ്ങൾ നൽകുന്നതിനായി വിദഗ്ധരടങ്ങിയ സാങ്കേതിക ഉപദേശക സമിതിയും നിലവിൽ വരും. ഇതോടൊപ്പം ഡയറക്ടറേറ്റും ജില്ലാതല സീനിയർ സിറ്റിസൺസ് സെല്ലുകളും ഉടൻ പ്രവർത്തനസജ്ജമാക്കും.

സംസ്ഥാനത്തുടനീളം സർവേ നടത്തി മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രജിസ്ട്രി തയ്യാറാക്കും. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ മുതിർന്നവരെ കണ്ടെത്തുന്നതിനായി ’വൾണറബിലിറ്റി രജിസ്ട്രി’യും രൂപീകരിക്കും. ജർമനി, ഓസ്ട്രേലിയ, യുകെ തുടങ്ങിയ രാജ്യങ്ങളിലെ മാതൃക സ്വീകരിച്ച് പ്രത്യേക ’കെയർ ഗിവർ’ സേനയ്ക്കും രൂപം നൽകും. അടുത്ത അക്കാദമിക് വർഷം മുതൽ സംസ്ഥാനത്തെ മെഡിക്കൽ സ്ഥാപനങ്ങളിൽ കെയർ ഗിവർ കോഴ്സുകൾ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും പാലിയേറ്റീവ് കെയർ സംവിധാനങ്ങളുമായും സഹകരിച്ച് ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് ആവശ്യമായ പരിചരണവും നിരന്തര അന്വേഷണവും ഉറപ്പാക്കും. കുടുംബശ്രീ മാതൃകയിൽ അയൽപക്ക സഹായ ശൃംഖലയും രൂപീകരിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ, ഡിമെൻഷ്യ സൗഹൃദ കേരള പദ്ധതി എന്നിവയും നടപ്പാക്കും.

വിരമിച്ച അധ്യാപകരുടെയും വിവിധ മേഖലകളിലെ വിദഗ്ധരുടെയും അനുഭവസമ്പത്ത് പുതിയ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി അവരെ സ്റ്റാർട്ടപ്പുകളിലും എംഎസ്എംഇകളിലും ’ടെക്നോമെന്റർ’മാരായി നിയോഗിക്കും. അവരുടെ അറിവും പരിചയവും യുവസംരംഭകർക്കും പുതിയ സംരംഭങ്ങൾക്കും പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണനയും മുൻഗണനയും ഉറപ്പാക്കുന്നതിനൊപ്പം അവരോട് ആദരവോടെയും കരുതലോടെയും പെരുമാറുന്ന പുതിയ സാമൂഹിക സംസ്കാരം വളർത്തിയെടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മുതിർന്ന പൗരന്മാർക്കുള്ള വകുപ്പിന്റെ ഔദ്യോഗിക ലോഗോയും അവർക്കുള്ള വിവിധ പദ്ധതികളുടെ വെബ് പോർട്ടലും മുഖ്യമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. വയോജന ക്ഷേമ പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ച സ്ഥാപനങ്ങൾക്ക് പുരസ്കാരവും സമ്മാനിച്ചു. തുടർന്ന് വിവിധ ജില്ലകളിലെ മുതിർന്ന പൗരന്മാരുമായി അദ്ദേഹം വീഡിയോ കോൺഫറൻസിലൂടെ സംവദിച്ചു.

മന്ത്രി സി പി ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി കെ മുരളീധരൻ വിശിഷ്ടാതിഥിയായി. മുതിർന്ന പൗരന്മാർക്കുള്ള വകുപ്പ് സെക്രട്ടറി രത്തൻ യു കേൽക്കർ സ്വാഗതം ആശംസിച്ചു. സംസ്ഥാന വയോജന കമ്മീഷൻ ചെയർപേഴ്സൺ കെ സോമപ്രസാദ്, വാർഡ് കൗൺസലർ ഷേർലി എസ്, സാമൂഹിക, സാംസ്കാരിക പ്രവർത്തകർ, വിദ്യാർഥികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. മുതിർന്ന പൗരന്മാർക്കുള്ള വകുപ്പ് ഡയറക്ടർ അരുൺ എസ് നായർ നന്ദി അറിയിച്ചു.



**ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ് അസോസിയേഷൻ എറണാകുളം സിറ്റി യൂണിറ്റ് സംഘടിപ്പിച്ച കുടുംബ സംഗമവും, ഓണാഘോഷും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ ഐപിഎസ് ഉദ്ഘാടനം ചെയ്യുന്നു. സിറ്റി യൂണിറ്റ് പ്രസിഡന്റ് ഡോ.ഷാജി പോൾ, ജനറൽ സെക്രട്ടറി ഡോ. കെ.സുന്ദരം, ട്രഷറർ ബി.എം.സലിം, ജെയിംസ് ജോസ്, ഷാജി ടെമ്പിൾ, പോൾ ഡേവിസ്, ജസ്റ്റിൻ കോയിക്കര തുടങ്ങിയവർ സമീപം.**

## കുടുംബ സംഗമവും ഓണാഘോഷവും സംഘടിപ്പിച്ചു

**കൊച്ചി :** ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചൻസ് അസ്സോസിയേഷൻ എറണാകുളം സിറ്റി യൂണിറ്റ് സംഘടിപ്പിച്ച കുടുംബ സംഗമവും, ഓണാഘോഷവും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ ഐപിഎസ് ഉദ്ഘാടനം ചെയ്തു. സിറ്റി യൂണിറ്റ് പ്രസിഡന്റ് ഡോ. ഷാജി പോൾ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ബിന്ദു മാധവ്, സിറ്റി യൂണിറ്റ് ജനറൽ സെക്രട്ടറി ഡോ. കെ.സുന്ദരം, ട്രഷറർ ബി.എം. സലിം, ജെയിംസ് ജോസ്, ഷാജി ടെമ്പിൾ, പോൾ ഡേവിസ്, ജസ്റ്റിൻ കോയിക്കര തുടങ്ങിയവർ പ്രസംഗിച്ചു.



## സ്വീകരണം നൽകി

**കോലഞ്ചേരി:** പൂതൃക്ക പഞ്ചായത്ത് കോലഞ്ചേരി ഈസ്റ്റ് വാർഡിലെ നിയുക്ത മെമ്പർ ദീനാമ്മ ജേക്കബിന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സ്വീകരണം നൽകി. പള്ളി വികാരി ഫാ. ജേക്കബ് കുര്യൻ, ഷെവലിയാർ ഫാ. റോബിൻ കെ. ജേക്കബ്, ഷെവലിയാർ ഫാ. അനു തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് സ്വീകരണം നൽകിയത്.

# മുസിരിസ് പദ്ധതിയെ അന്താരാഷ്ട്ര ഹെറിറ്റേജ് ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റും

**പറവൂർ:** മുസിരിസ് പദ്ധതിയെ ഒരു അന്താരാഷ്ട്ര ഹെറിറ്റേജ് ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുമെന്നും നിലവിലെ ബോട്ട് സർവീസും കയാക്കിംഗും മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ. മുസിരിസ് ജലയാനങ്ങളുടെ പ്രവർത്തനോദ്ഘാടനം പറവൂർ തട്ടുകടവ് ബോട്ട് ജെട്ടിയിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഏഴിക്കര, കോട്ടപ്പുറം, അഴീക്കോട് എന്നിവിടങ്ങളിലേക്കും മൂന്നുനാല് നിയോജക മണ്ഡലങ്ങളിലേക്കും അവിടുത്തെ ബീച്ചുകളിലേക്കും ബോട്ട് സർവീസും കയാക്കിംഗും വ്യാപിപ്പിക്കും.

കൊടുങ്ങല്ലൂർ, അഴീക്കോട്, കൈപ്പമംഗലം, വൈപ്പിൻ പ്രദേശങ്ങളും ബന്ധിപ്പിക്കും. ഗോതുരുത്തിലെ ചവിട്ടുനാടക കലാകേന്ദ്രം, പാരമ്പര്യ ഭക്ഷണം നൽകുന്ന റസ്റ്ററൻറുകൾ എന്നിവ കൂടുതൽ വികസിപ്പിക്കും. പുതിയ മ്യൂസിയങ്ങളും വാട്ടർ സ്പോർട്സ് സൗകര്യങ്ങളും സ്ഥാപിക്കും. വിനോദസഞ്ചാരികൾക്കായി പറവൂരിലും കൊടുങ്ങല്ലൂരിലും സമീപ പ്രദേശങ്ങളിലും വലിയ ഹോട്ടൽ ഗ്രൂപ്പുകളുമായി സഹകരിച്ച് പുതിയ സ്റ്റാർ ഹോട്ടലുകളും റസ്റ്ററൻറുകളും കൊണ്ടുവരും. ടൂറിസം മന്ത്രിയുടെ നേതൃത്വത്തിൽ ആലപ്പുഴ ഉൾപ്പെടെയുള്ള മുസിരിസ് മേഖലകളിൽ വലിയ പദ്ധതികൾ മുൻഗണനയോടെ നടപ്പിലാക്കും. റോഡ് മാർഗത്തിനും പുറമേ ഉൾനാടൻ ജലാശയങ്ങളിലൂടെ പൈതൃക കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് മുന്പ് നടത്തിയ ബോട്ട് സർവീസുകൾ യാതൊരു മാർക്കറ്റിംഗും കൂടാതെ വലിയ ലാഭത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ പിന്നീട് ഈ സേവനങ്ങൾ നിലച്ചു.

സർക്കാരിൻറെ പുതിയ തീരുമാനപ്രകാരം കൂടുതൽ പുതിയ ബോട്ടുകൾ എത്തിച്ച് സർവീസുകൾ പുനരാരംഭിക്കും. പഴയ കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചന്റെ ചേന്നമംഗലത്തുള്ള പാലിയം നാലുകെട്ടും, ഡച്ചുകാർ നിർമിച്ച് തകർച്ചയുടെ വക്കിലായിരുന്ന ഡച്ച് പാലസും പുനഃസൃഷ്ടിച്ച് വലിയ മ്യൂസിയങ്ങളാക്കി മാറ്റിയെന്നും ഇനിയുമേറെ വികസനം മുസിരിസിനെ കാത്തിരിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ടൂറിസം മന്ത്രി പി.സി.വിഷ്ണുനാഥ് അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എംപി മുഖ്യാതിഥിയായി. കെ.കെ. വത്സരാജ് എംഎൽഎ വിശിഷ്ടാതിഥിയായി. നോർത്ത് പറവൂർ നഗരസഭാ ചെയ!ർപേഴ്സൺ രമേശ് ഡി. കുറുപ്പ്, വൈസ് ചെയർപേഴ്സൺ ലൈജി ബിജു, ടൂറിസം വകുപ്പ് ഡയറക്ടർ എം. അഞ്ജന, ടൂറിസം വകുപ്പ് സെക്രട്ടറി കെ. ബിജു, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ കെ.എസ്. ഷൈൻ, വിവിധ സ്ഥിരംസമിതി അധ്യക്ഷന്മാർ, വാർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖയുടെ 202627 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് കൊച്ചി ഐ.എം.എ ഹൗസിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ.ബൻസീർ ഹുസൈൻ,ഡോ.സച്ചിൻ സുരേഷ്, ഡോ. ഷീജ ശ്രീനിവാസ്, ഡോ.എസ്.സച്ചിദാനന്ദ കമ്മത്ത്, ഡോ.വി.പി.കുര്യേയ്പ്പ്, ഡോ.അതുൽ ജോസഫ് മാനുവൽ, ഡോ.ജോർജ് തുകലൻ, ഡോ. വിനോദ് പത്മനാഭൻ തുടങ്ങിയവർ സമീപം.

# മെഡിക്കൽ ക്യാമ്പുകൾ പ്രോത്സാഹിപ്പിക്കും: മന്ത്രി കെ. മുരളീധരൻ

**കൊച്ചി:** ഏറ്റവും വേഗത്തിലും ഫലപ്രദവുമായി രോഗനിർണ്ണയം നടത്തുവാൻ സാദാരണക്കാർ ആശ്രയിക്കുന്ന മെഡിക്കൽ ക്യാമ്പുകളെ പ്രോത്സാഹിപ്പിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ (ഐ.എം.എ) കൊച്ചി ശാഖയുടെ പുതിയ ഓഫീസ് ഭാരവാഹികളുടെ സ്ഥനാരോഹണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ക്ലിനിക്കൽ എക്സ്പെർട്ടൈസ്, ടെക്നോളജി, റിസർച്ച് എന്നിവയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടായ്മയാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ ചില സ്വകാര്യ ആശുപത്രികൾ അടിസ്ഥാന മാനദണ്ഡങ്ങളില്ലാതെ മുറിവാടകയും മരുന്നുകളുടെ വിലയും അമിതമായി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി അറിയിച്ചു. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, സംസ്ഥാനത്ത് മരുന്ന് ക്ഷാമം ഉണ്ടെന്ന തരത്തിലുള്ള തെറ്റായ പ്രചാരണങ്ങളെ തള്ളിക്കളഞ്ഞ മന്ത്രി ആരോഗ്യ മേഖലയുടെ സംരക്ഷണത്തിനായി സർക്കാർ പ്രതിജ്ഞാബദ്ധമായി മുന്നോട്ട് പോകുമെന്നും വ്യക്തമാക്കി.വിദ്യാർത്ഥികൾക്ക് ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകുന്ന പദ്ധതിയും സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകളും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തിന് നൽകിയ പിന്തുണയ്ക്കും ഐ.എം.എ. കൊച്ചിക്ക് മന്ത്രി നന്ദി പറഞ്ഞു.

ഡോ.വിനോദ് പത്മനാഭൻ (പ്രസിഡന്റ്) ഡോ.ജോർജ് തുകലൻ (സെക്രട്ടറി) ഡോ. സിജു ജോസഫ് (ട്രഷറർ) ഡോ.അതുൽ ജോസഫ് മാനുവൽ (ഇമ്മീഡിയറ്റ് പാസ്റ്റ് പ്രസിഡന്റ്) ഡോ.ആർ.രമേഷ് കുമാർ (പ്രസിഡന്റ് ഇലക്ട്) ഡോ. എം.എം.ഹനീഷ് (സംസ്ഥാന വർക്കിംഗ് കമ്മിറ്റി മെമ്പർ) ഡോ.അനിത തിലകൻ, ഡോ. എം.എം. ഫൈസൽ, ഡോ. സച്ചിൻ സുരേഷ്, ഡോ.ജി.എൻ.രമേഷ് (വൈസ് പ്രസിഡന്റ്മാർ) ഡോ.കാർത്തിക് ബാലചന്ദ്രൻ, ഡോ.ആൽവിൻ ആന്റണി, ഡോ. ബൻസീർ ഹുസൈൻ, ഡോ.രാഖി ടി.മേനോൻ, ഡോ.ടി.സി. വിഷ്ണു (ജോയ്ന്റ് സെക്രട്ടറിമാർ) എന്നിർ കൊച്ചിൻ ഐ.എം.എയുടെ 202627 വർഷത്തെ ഭാരവാഹികളായി ചുമതലയേറ്റു.

ചടങ്ങിൽ ഡോ.എം.വേണുഗോപാൽ, ഡോ.സച്ചിൻ സുരേഷ്, ഡോ. ബൻസീർ ഹുസൈൻ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. ആൽവിൻ ആന്റണി, ഡോ.വി.പി.കുര്യേയ്പ്പ്, ഡോ.വിനോദ് പത്മനാഭൻ, ഡോ.കെ.നാരായണൻ കുട്ടി, ഡോ. എസ്.സച്ചിദാനന്ദ കമ്മത്ത്, ഡോ. ഷീജ ശ്രീനിവാസ്, ഡോ.മീര ഗോപാലകൃഷ്ണൻ, ഡോ. ജോർജ് തുകലൻ എന്നിവർ പ്രസംഗിച്ചു.

## ലോകകഴ്ച ദിനം: വെളിച്ചം പദ്ധതിയുമായി ചൈതന്യ കണ്ണാശുപത്രി

**കൊച്ചി:** ലോക കഴ്ച്ച ദിനത്തോടനുബന്ധിച്ച് 'വെളിച്ചം' സമഗ്ര നേത്ര പരിശോധനാ പദ്ധതിയുമായി പാലാരിവട്ടം ചൈതന്യ കണ്ണാശുപത്രി.കുട്ടികളുടെ നേത്ര വിഭാഗം, തിമിരം, കോർണിയ, റെറ്റിന, ഗ്ലോക്കോമ തുടങ്ങിയ നേത്രരോഗ നിവാരണ പദ്ധതിയാണ് വെളിച്ചം. പത്ത് ദിവസം നീണ്ടുനിൽക്കുന്ന പരിശോധന ക്യാമ്പ് ഓക്ടോബർ ഏഴിന് തുടങ്ങും. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിന് 7510834235 , 8606336912, 7994495940.



## യുപിഎ ഇടപാടിന് ഫീസ് : പ്രതിഷേധ സമരവുമായി കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് ഡീലേഴസ് വെൽഫെയർ അസ്സോസിയേഷൻ

**കൊച്ചി :** രണ്ടായിരം രൂപയ്ക്ക് മുകളിൽ നടത്തുന്ന യുപിഎ ഇടപാടുകൾക്ക് ഫീസ് ഈടാക്കുമെന്ന കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് ഡീലേഴസ് വെൽഫെയർ അസ്സോസിയേഷൻ (കെ.ടി.ജി.എ) സമരം സംഘടിപ്പിക്കുന്നു. ഒക്ടോബർ ആറിന് രാവിലെ 10.30ന് എറണാകുളം ഗോപാല പ്രഭു റോഡിലെ കെടിജിഎ ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്നും പ്രകടനത്തോടെയാണ് സമരം ആരംഭിക്കുക. പ്രകടനത്തിന്റെ ഫ്ളാഗ് ഓഫ് സംസ്ഥാന സെക്രട്ടറി കെ.കൃഷ്ണൻ, ട്രഷറർ എം.എൻ.ബാബു എന്നിവർ ചേർന്ന് നിർവ്വഹിക്കും. പാർക്ക് അവന്യുവിലെ ബിഎസ്എൻഎൽ ഓഫീസിന് മുന്നിൽ സംഘടിപ്പിച്ചിരിക്കുന്ന ധർണ്ണ ടി.ജെ.വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡന്റ് ബീന കണ്ണൻ മുഖ്യ പ്രഭാഷണം നടത്തും. ജില്ലാ പ്രസിഡന്റ് കെ.ഡി ജോൺസൺ, ജനറൽ സെക്രട്ടറി നവാബ് ജാൻ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അഷ്റഫ് ഇഞ്ചക്കുടി, ജില്ലാ സെക്രട്ടറി മേഴ്സി ജോർജ്, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് സമീർ മൂപ്പൻ, സിറ്റി യൂണിറ്റ് സെക്രട്ടറി മനോജ് കുമാർ തുടങ്ങിയവർ പ്രസംഗിക്കുമെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഭാരവാഹികൾ അറിയിച്ചു.

# സ്വകാര്യ ആശുപത്രികളിലെ ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ നിയമം വരുന്നു

## കരട് തയ്യാറാക്കാൻ നാലംഗ സമിതി രൂപീകരിക്കും: മന്ത്രി

**തിരുവനന്തപുരം:** സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാച്ചെലവിന് നിയന്ത്രണമേർപ്പെടുത്താൻ സംസ്ഥാന സർക്കാർ നിയമനിർമാണത്തിന് ഒരുങ്ങുന്നു. രോഗികളിൽ നിന്ന് അമിത നിരക്ക് ഈടാക്കുന്നതും ചികിത്സാച്ചെലവിലെ സുതാര്യതയില്ലായ്മയും തടയുന്നതിനായി പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ആരോഗ്യ ദേവസ്വം മന്ത്രി കെ.മുരളീധരൻ അറിയിച്ചു.

നിയമസഭയിൽ അവതരിപ്പിക്കേണ്ട ബില്ലിന്റെ കരട് തയ്യാറാക്കുന്നതിനായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നാലംഗ സമിതി രൂപീകരിക്കുമെന്ന് മന്ത്രി കെ.മുരളീധരൻ വ്യക്തമാക്കി.

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള സമിതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും. സ്വകാര്യ ആശുപത്രിമേഖലയുമായും മറ്റ് ബന്ധപ്പെട്ട വിഭാഗങ്ങളുമായും കൂടിയാലോചിച്ച് ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനും ചികിത്സയുടെ ഗുണനിലവാരം, സുതാര്യത, രോഗികളുടെ സുരക്ഷ, സേവനങ്ങളുടെ ലഭ്യത എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള ശുപാർശകൾ കമ്മിറ്റി സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

സ്വകാര്യ ആശുപത്രികളിലെ ചികിത്സാച്ചെലവ്, മരുന്നുകളുടെ വില, ഡയഗ്നോസ്റ്റിക് പരിശോധനകളുടെ നിരക്ക്, മുറിവാടക, വിവിധ ചികിത്സാ പ്രൊസീജറുകൾക്കും ഇടപെടലുകൾക്കുമുള്ള നിരക്ക് എന്നിവ വിശദമായി പരിശോധിച്ചാകും നിയമനിർമാണത്തിനുള്ള നിർദേശങ്ങൾ തയ്യാറാക്കുക. സ്വകാര്യ ആശുപത്രികൾ കേരളത്തിന്റെ ആരോഗ്യരംഗത്ത് നിർണായക സാന്നിദ്ധ്യമാണെങ്കിലും ചില ആശുപത്രികൾ പാവപ്പെട്ടവരെ അമിതമായി ചൂഷണം ചെയ്യുന്നതായി മന്ത്രി കെ.മുരളീധരൻ പറഞ്ഞു. താങ്ങാനാകാത്ത സ്വകാര്യ ആശുപത്രികളിലെ ബില്ലുമായി നിരവധി പേരാണ് സഹായം തേടി എത്തുന്നത്. ആരോഗ്യരംഗത്തെ ഈ അമിത കച്ചവട താത്പര്യം അംഗീകരിക്കാനാകില്ലെന്നും മന്ത്രി വ്യക്തമാക്കി.

രോഗികൾക്ക് ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് പ്രതീക്ഷിക്കാവുന്ന ചെലവ് വ്യക്തമാക്കുക, ബില്ലിൽ ഓരോ ഇനത്തിന്റെയും നിരക്ക് വ്യക്തമായി രേഖപ്പെടുത്തുക, മരുന്നുകളുടെ വിലയിൽ സുതാര്യത ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ സ്വകാര്യ ആശുപത്രികളിൽ ഉറപ്പാക്കേണ്ടതുണ്ട്.

സ്വകാര്യ ആശുപത്രികളിൽ രോഗികൾക്ക് നൽകുന്ന മരുന്നുകൾ എം.ആർ.പിയെക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. ആശുപത്രികൾ മരുന്നുകൾ വാങ്ങുന്ന വിലയും രോഗികളിൽ നിന്ന് ഈടാക്കുന്ന വിലയും സംബന്ധിച്ച സുതാര്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനവും പരിശോധിക്കും.

ലബോറട്ടറി പരിശോധനകൾ, സി.ടി, എം.ആർ.ഐ സ്കാനിംഗ്, മറ്റ് ഡയഗ്നോസ്റ്റിക് സേവനങ്ങൾ, മുറിവാടക, പ്രൊസീജർ നിരക്കുകളിലെ നിയന്ത്രണവും പരിശോധിക്കും. സർക്കാർ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ സേവനം കൂടുതൽ സ്വകാര്യ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ സാദ്ധ്യതകളും സമിതി വിലയിരുത്തും. സ്വകാര്യ ആശുപത്രികളുടെ ആരോഗ്യ മേഖലയിലെ സംഭാവന സർക്കാർ അംഗീകരിക്കുന്നുണ്ടെന്നും എന്നാൽ ചികിത്സ സാധാരണക്കാർക്ക് താങ്ങാനാകാത്ത തരത്തിൽ ചെലവേറിയതാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന നിലപാടാണ് സർക്കാരിനെന്ന് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനച്ചെലവും പ്രായോഗിക ബുദ്ധിമുട്ടുകളും പരിഗണിച്ചുകൊണ്ട്, രോഗികളുടെ താൽപര്യം സംരക്ഷിക്കുന്ന തരത്തിലുള്ള പ്രായോഗിക നിയന്ത്രണ സംവിധാനമാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




### കല്യാൺ സിൽക്സിന്റെ കാരുണ്യത്തിൽ 100 പേർക്ക് സൗജന്യമായി കൃത്രിമ കാലുകൾ

# ഹാപ്പി സ്റ്റെപ്പ്' പദ്ധതിക്ക് തുടക്കം

**തൃശ്ശൂർ:** ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കല്യാൺ സിൽക്സിന്റെ സാമ്പത്തിക സഹായത്തോടെ 100 പേർക്ക് സൗജന്യമായി കൃത്രിമ കാലുകൾ വിതരണം ചെയ്തു. ലയൺസ് ക്ലബ്ബ് ഓഫ് തൃശ്ശൂർ, കല്യാൺ സിൽക്സ്, ലയൺസ് ക്ലബ്ബ് സർവീസ് ട്രസ്റ്റ് എന്നിവർ സംയുക്തമായി സംഘടിപ്പിച്ച 'ഹാപ്പി സ്റ്റെപ്പ്' പദ്ധതിയുടെ ഭാഗമായാണ് വിതരണം നടന്നത്. ഒക്ടോബർ 4 രാവിലെ 10:30 ന് കുരിയച്ചിറയിലുള്ള കല്യാൺ സിൽക്സ് കോർപ്പറേറ്റ് ഓഫീസ് അങ്കണത്തിലാണ് ഈ കാരുണ്യപദ്ധതിക്ക് വേദിയൊരുങ്ങിയത്.

കല്യാൺ സിൽക്സ് ചെയർമാനും പദ്ധതിയുടെ മുഖ്യ സ്പോൺസറുമായ ടി. എസ്. പട്ടാഭിരാമൻ ചടങ്ങിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. ലയൺസ് ക്ലബ്ബ് സർവീസ് ട്രസ്റ്റ് ചെയർമാൻ ലയൺ ജെയിംസ് വളപ്പില വിഷയ അവതരണം നടത്തി. ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണർ ലയൺ സുരേഷ് കെ. വാര്യർ മുഖ്യപ്രഭാഷണം നടത്തി.

ഒല്ലൂർ എം.എൽ.എയും, മുൻ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുമായ കെ. രാജൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. കൃത്രിമ കാലുകൾ നിർമ്മിച്ച സാങ്കേതിക പ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. തൃശ്ശൂർ എം.എൽ.എ രാജൻ പല്ലൻ, എൽ.സി.ഐ.എഫ് ഏരിയ കോർഡിനേറ്റർ ലയൺ അഡ്വ. വി. അമർനാഥ് എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. സമൂഹത്തിന് മാതൃകയാകുന്ന ഈ ഉദ്യമത്തിന് കല്യാൺ സിൽക്സ് നൽകിയ വലിയ പിന്തുണയെ ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾ പ്രത്യേകം പ്രശംസിച്ചു.

# ക്യാൻസർ ചികിത്സയോളം തന്നെ പ്രധാനം തുടർന്നുള്ള പരിചരണവും: എക്യൂസികോണിൽ വിദഗ്ധർ

**കൊച്ചി:** ക്യാൻസർ രോഗചികിത്സയിൽ എന്നപോലെ തന്നെ പ്രധാനമാണ് രോഗമുക്തിക്ക് ശേഷമുള്ള തുടർന്നുള്ള പരിചരണവും എന്ന് വിദഗ്ധ അഭിപ്രായത്തോടെ 'എക്യൂസികോൺ' 2026 സമാപിച്ചു. ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സംഘടിപ്പിച്ച കോൺക്ലേവിൽ ക്യാൻസറിനു ശേഷമുള്ള അതിജീവനവും പ്രധാന ചർച്ചാവിഷയമായി. രോഗമുക്തി നേടിയവർക്കും ഉറക്കം, പ്രതിരോധശേഷി, മാനസികാരോഗ്യം എന്നിവയിൽ കൃത്യമായ ശ്രദ്ധ ആവശ്യമാണെന്നും, അതിജീവിച്ചവർക്കായി തയാറാക്കിയ പ്രത്യേകവും ഘടനാപരവുമായ പരിചരണ രീതി അത്യന്താപേക്ഷിതമാണെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി.

മുതിർന്ന പൗരന്മാരിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ നിരക്കിനെക്കുറിച്ചും കോൺക്ലേവ് ശ്രദ്ധ ക്ഷണിച്ചു. പ്രായമായ രോഗികൾക്ക് മറ്റ് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ, അവരെ സുഖപ്പെടുത്താൻ മരുന്നുകളും ശസ്ത്രക്രിയയും റേഡിയേഷനും മാത്രം പോരാ. ജീവിതശൈലീ മെച്ചപ്പെടുത്തൽ, ഫിസിയോതെറാപ്പി, കൗൺസിലിംഗ്, മാനസിക പിന്തുണ എന്നിവയെല്ലാം മികച്ച രോഗമുക്തിക്ക് സഹായിക്കുന്നു.




കൂടാതെ, പ്രായമായ പല രോഗികൾക്കും ആവശ്യമായ സാമൂഹിക പിന്തുണ ലഭിക്കുന്നില്ല എന്നതും വലിയൊരു വെല്ലുവിളിയാണ്.

ജെറിയാട്രിഷ്യൻസ്, ഓങ്കോളജിസ്റ്റുകൾ, പ്രാഥമിക ആരോഗ്യ സേവന ദാതാക്കൾ എന്നിവർ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ മുതിർന്നവരിലെ ക്യാൻസർ ചികിത്സ കൂടുതൽ ഫലപ്രദമാകൂ എന്ന് വിദഗ്ധർ ഓർമ്മിപ്പിച്ചു. പ്രായമായ രോഗികളെ സഹായിക്കാൻ ധരിക്കാവുന്ന ഉപകരണങ്ങൾ പോലുള്ള പുതിയ സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുന്നുണ്ട്. രോഗികൾ സ്വയം നടത്തുന്ന പരിചരണവും ചർച്ചയായി. വിർചൽ മാർഗ്ഗങ്ങളിലൂടെ ചികിത്സാ ടീമുമായി ബന്ധപ്പെടാൻ സാധിക്കുന്നതിനാൽ, രോഗികൾക്ക് ഉണ്ടാകുന്ന സംശയങ്ങളും ആശങ്കകളും ഉടനടി പങ്കുവെക്കാനും അത് വഴി തുടക്കത്തിൽ തന്നെ പരിഹാരം കണ്ടെത്താനും സാധിക്കുന്നു.രോഗനിർണ്ണയം, ചികിത്സ, രോഗമുക്തി വരെയുള്ള ഘട്ടങ്ങളിലെല്ലാം രോഗിക്കും കുടുംബത്തിനും പൂർണ്ണ പിന്തുണ ഉറപ്പാക്കിക്കൊണ്ട് ക്യാൻസർ പരിചരണം കൂടുതൽ സമഗ്രമാകണമെന്ന വിലയിരുത്തലോടെയാണ് കോൺക്ലേവ് അവസാനിച്ചത്.



## അത്യാധുനിക 160 വാട്ട് ഹോൾമിയം ലേസർസ്യൂട്ട് കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ

**കോഴഞ്ചേരി:** മൂത്രാശയ രോഗങ്ങൾക്കും വൃക്കയിലെ കല്ലുകൾക്കുമുള്ള വിദഗ്ധ ചികിത്സാരംഗത്ത് നിർണായക ചുവടുവയ്പുമായി കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ തെക്കൻ തിരുവിതാംകൂറിലെ ആദ്യത്തെ അത്യാധുനിക 160 വാട്ട് ഹോൾമിയം ലേസർ സ്യൂട്ട് ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു.

എൻഡോ യൂറോളജി രംഗത്ത് പുതിയൊരു നിലവാരം പുലർത്തുന്നതാണ് ഉയർന്ന ശേഷിയും ഫ്രീക്വൻസിയുമുള്ള ഈ 160 വാട്ട് ഹോൾമിയം ലേസർ സംവിധാനം.

വൃക്കയിലെ കല്ലുകൾ അതിവേഗത്തിൽ നേർത്ത പൊടിയാക്കി മാറ്റുന്ന അഡ്വാൻസ്ഡ് സ്റ്റോൺ ഡസ്റ്റിംഗ്, പോപ്പ് കോർണിംഗ് സാങ്കേതികവിദ്യകൾക്കും പ്രോസ്റ്റേറ്റ് വീക്കത്തിനുള്ള ഏറ്റവും മികച്ച ചികിത്സയായഹോലെപ് ശസ്ത്രക്രിയയ്ക്കും ഈ ലേസർ സഹായകരമാണ്.

ശരീരത്തിൽ വലിയ മുറിവുകളില്ലാതെ, സമീപത്തെ മറ്റു കോശങ്ങൾക്കു യാതൊരു കേടുപാടുകളും വരുത്താതെ അതീവ കൃത്യതയോടെ ചികിത്സ പൂർത്തിയാക്കാൻ സാധിക്കും. അതിനാൽതന്നെ രക്തസ്രാവവും വേദനയും കുറച്ച് കൃത്യതയോടെ ചികിത്സ നൽകാൻ ഇതുവഴി സാധിക്കും.

രോഗികൾക്കു കുറഞ്ഞ സമയം മാത്രമേ ആശുപത്രിയിൽ കഴിയേണ്ടി വരുന്നുള്ളൂവെന്നതും വേഗത്തിൽ സുഖം പ്രാപിക്കാം എന്നതും ഇതിന്റെ പ്രത്യേകതയാണ്.

യൂറോളജി വിഭാഗത്തിലെ വിദഗ്ധ കൺസൾട്ടേഷനുകൾക്കും മുൻകൂട്ടിയുള്ള അപ്പോയ്ൻറ്മെൻറുകൾക്കുമായി 0468 354 4000 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ആശ്വാസ് പദ്ധതി 4.57 കോടിയുടെ ഇളവുകൾക്ക് ശുപാർശ നൽകി

**ഇരിങ്ങാലക്കുട:** സഹകരണവകുപ്പിന്റെ ആശ്വാസ് പദ്ധതിയിലൂടെ മുകുന്ദപുരം താലൂക്കിൽ നാല് അദാലത്തുകളിലായി പരിഗണിച്ചത് 58 വായ്പാ ഫയലുകൾ.

വായ്പയെടുത്തവർ മരിക്കു കയും വായ്പാ തിരിച്ചടവിനു മറ്റു മാർഗങ്ങളൊന്നും ഇല്ലാതാവുകയുംചെയ്ത നിർധനരായവർക്കും മാരകരോഗം പിടിപെട്ട് വായ്പ തിരിച്ചടവ് മുടങ്ങിയവർക്കും നൂറുശതമാനം വരെ പലിശ ഇളവ് ചെയ്തു കൊടുക്കാൻ ശുപാർശ ചെയ്തതായി ആശ്വാസ് 2026 താലൂക്കുതല കമ്മിറ്റിയുടെ ചെയർമാൻ തോമസ് ഉണ്ണിയാടൻ എംഎൽഎ പറഞ്ഞു.

## പഞ്ചാബ് നാഷണൽ ബാങ്ക് റീട്ടെയ്ൽ ലോൺ ക്യാമ്പയിൻ

**ന്യൂദൽഹി:** ഉത്സവകാലത്തോടനുബന്ധിച്ച് പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) 'പിഎൻബി ഉത്സവ് ഫെസ്റ്റിവിറ്റീസ് 2026 – സെലിബ്രേറ്റ് ഡ്രീംസ്, സെലിബ്രേറ്റ് ലൈഫ്' റീട്ടെയ്ൽ ലോൺ ക്യാമ്പയിൻ ആരംഭിച്ചു. ഹോം ലോൺ, കാർ ലോൺ, മോർട്ട്ഗേജ് ലോൺ, വ്യക്തിഗത വായ്പ തുടങ്ങിയവയ്ക്ക് പ്രത്യേക ആനുകൂല്യങ്ങളാണ് ക്യാമ്പയിനിലൂടെ ലഭ്യമാക്കുന്നത്.

ഹോം ലോണിന് അപ്ഫ്രണ്ട്, പ്രോസസിംഗ്, ഡോക്യുമെന്റേഷൻ ഫീസുകൾ പൂർണമായും ഒഴിവാക്കുന്നതിനൊപ്പം 5 ബേസിസ് പോയിന്റ് ഇളവും ലഭിക്കും. യോഗ്യമായ ഹോം ലോൺ ടേക്ക്ഓവർ കേസുകളിൽ ടേക്ക്ഓവർ ചാർജും ഒഴിവാക്കും. കാർ ലോണിന് പ്രോസസിംഗ് ഫീസ് ഒഴിവാക്കും. നിലവിലെ പിഎൻബി ഹോം ലോൺ ഉപഭോക്താക്കൾക്ക് മോർട്ട്ഗേജ്, ടോപ്പ്അപ്പ് ലോണുകളിൽ 10 ബേസിസ് പോയിന്റ് ഇളവുണ്ട്. 'മൈ പ്രോപ്പർട്ടി' ലോൺ, 25 ലക്ഷം രൂപ മുതലുള്ള യോഗ്യമായ ഹോം ലോൺ ടേക്ക്ഓവർ എന്നിവയിൽ, എൻഇസി, നിയമ, മൂല്യനിർണയ ചെലവുകൾക്ക് 15,000 രൂപ വരെ ബാങ്ക് വഹിക്കും.



# ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ക്രൗൺ പ്ലാസയിൽ കേക്ക് മിക്സിങ് ചടങ്ങ്

**കൊച്ചി:** നഗരത്തിലെ ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങൾക്ക് കേക്ക് മിക്സിങ് ചടങ്ങോടെ ഔദ്യോഗികമായി തുടക്കം കുറിച്ച് ക്രൗൺ പ്ലാസ കൊച്ചി. നടി നിഖില വിമൽ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

'ക്രിസ്മസിന്റെ സന്ദേശമായ എല്ലാവരെയും ഒന്നിച്ചു കൊണ്ടുവരുക എന്നതിനെ യാഥാർഥ്യമാക്കുന്നതാണ് കേക്ക് മിക്സിങ് ചടങ്ങ്. പരമ്പരാഗതമായ ഈ ചടങ്ങിനെ എന്നും ഓർമ്മിക്കപ്പെടുന്ന അനുഭവമാക്കി മാറ്റുകയാണ് ക്രൗൺ പ്ലാസ.' ക്രൗൺ പ്ലാസ കൊച്ചി ജനറൽ മാനേജർ ദിനേശ് റായ് പറഞ്ഞു. കമ്മ്യൂണിറ്റി പങ്കാളിയായ റൗണ്ട് ടേബിൾ ഇന്ത്യയുടെ സഹകരണത്തോടെ, കേക്കുകളുടെ ആദ്യ ബാച്ച് തയ്യാറായാലുടൻ 'രക്ഷാ സൊസൈറ്റി ഫോർ ദി കേർ ഓഫ് ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്'ലെ കുട്ടികൾക്ക് അയച്ചു നൽകുമെന്നും, സന്തോഷവും സ്നേഹവും എല്ലാവരുമായി പങ്കുവെക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.3,500 കിലോഗ്രാം ഫ്രൂട്ട് മിക്സ് ഉൾപ്പെടുത്തിയ കൂറ്റൻ കേക്ക് മിക്സിങ് ആയിരുന്നു ചടങ്ങിലെ പ്രധാന ആകർഷണം. മികച്ച ഗുണനിലവാരമുള്ള ഡ്രൈ ഫ്രൂട്ട്സും നട്സും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത മിശ്രിതത്തിലേക്ക് 300 ലിറ്റർ റെഡ് വൈനും 75 ലിറ്റർ തേനും ഒഴിച്ചാണ് പ്ലം കേക്കുകൾക്കായുള്ള കൂട്ട് തയ്യാറാക്കിയത്. ഈ മിശ്രിതം 60 ദിവസത്തോളം ഫെർമന്റ് ചെയ്ത ശേഷമാണ് ഡിസംബറിൽ കേക്ക് ഉണ്ടാക്കാനുള്ള മാവിൽ ചേർക്കുന്നതെന്ന് കളിനറി ഡയറക്ടർ ഷെഫ് കലേഷ് ചടങ്ങിൽ വിശദീകരിച്ചു. 12,000 റിച്ച് പ്ലം കേക്കുകളാണ് ഈ വർഷം ഹോട്ടൽ തയ്യാറാക്കുന്നത്. കേക്കുകൾക്കായുള്ള പ്രീ ഓർഡറുകൾ ആരംഭിച്ചു.

ചടങ്ങിൽ ഒട്ടേറെ സെലിബ്രേറ്റികൾ, ഇൻഫ്ലുവൻസർമാർ, കോർപ്പറേറ്റ് പങ്കാളികൾ, ഹോട്ടൽ ഉപഭോക്താക്കൾ, അതിഥികൾ എന്നിവരടക്കം നിരവധിയാളുകൾ പങ്കെടുത്തു.




# ഐസിഎൽ ടൂർസ് & ട്രാവൽസ് കേരള ടൂറിസം ബ്രോഷർ പുറത്തിറക്കി

**കൊച്ചി:** ഐസിഎൽ ടൂർസ് & ട്രാവൽസ് പുതിയ 'കേരള' ടൂറിസം ബ്രോഷർ പുറത്തിറക്കി. കേരള ട്രാവൽ മാർട്ട് 2026 ന്റെ ഭാഗമായി വില്ലിംഗ്ടൺ ഐലൻഡിൽ ഐസിഎൽ ടൂർസ് & ട്രാവൽസ് ഒരുക്കിയ പ്രത്യേക സ്റ്റാളിൽ വെച്ചാണ് കേരള ടൂറിസം മന്ത്രി പിസി വിഷ്ണുനാഥ് ബ്രോഷർ ഔദ്യോഗികമായി പുറത്തിറക്കിയത്. കമ്പനിയുടെ വൈസ് ചെയർമാൻ അമൽജിത്ത് മേനോൻ മന്ത്രിക്ക് ബ്രോഷർ സമ്മാനിച്ചു. കേരളത്തിന്റെ പ്രകൃതി സൗന്ദര്യം, സാംസ്കാരിക പൈതൃകം, ആയുർവേദം, പരമ്പരാഗത കലാരൂപങ്ങൾ, പാചക വൈവിധ്യം, അതുല്യമായ ജീവിതശൈലി എന്നിവയെ ഉയർത്തിക്കാട്ടുന്ന ഈ പ്രസിദ്ധീകരണം, സംസ്ഥാനത്തെ ഒരു വ്യതിരിക്ത ആഗോള ടൂറിസം കേന്ദ്രമായി അവതരിപ്പിക്കുന്നു. ടൂറിസം സെക്രട്ടറി കെ. ബിജു ഐഎഎസ്; ടൂറിസം ഡയറക്ടർ എം. അഞ്ജന ഐഎഎസ്; ഐസിഎൽ ടൂർസ് & ട്രാവൽസിന്റെ ജിസിസി & ഇന്ത്യ ഡയറക്ടർ അഡ്വ. അജിത് മാരാത്ത് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടന്ന കേരള ട്രാവൽ മാർട്ട് 2026 മുഖ്യമന്ത്രി വിഡി സതീശൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ടൂറിസം കാഴ്ചപ്പാടിന് അനുസൃതമായി, ഐസിഎൽ ടൂർസ് & ട്രാവൽസ് അതിന്റെ സേവനങ്ങൾ വിപുലീകരിക്കാനും വൈവിധ്യമാർന്ന യാത്രാനുഭവങ്ങൾ നൽകാനും പദ്ധതിയിടുന്നു. കമ്പനി നിലവിൽ ഇന്ത്യയിലും യുഎഇയിലും പ്രവർത്തിക്കുന്നു, കൂടാതെ അയാട്ട അക്രഡിറ്റേഷനും യുഎൻ ടൂറിസം അഫിലിയേഷനും നേടിയിട്ടുണ്ട്.




# ആഭ്യന്തര വിപണിയിൽ 100 ശതമാനം വളർച്ച നേടി നിസാൻ

**കൊച്ചി:** സെപ്തംബർ മാസത്തിലെ വാഹന വിൽപ്പനയിൽ ആഭ്യന്തര വിപണിയിൽ 100 ശതമാനം വളർച്ച നേടി നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. ആഭ്യന്തര വിപണിയിൽ സെപ്തംബർ മാസം 3300 യൂണിറ്റ് വിറ്റഴിച്ചു. 2025ൽ ഇതേ കാലയളവിൽ 1625 യൂണിറ്റാണ് വിറ്റത്. ഇതേ കാലയളവിൽ 6725 യൂണിറ്റുകൾ വിദേശത്തേക്ക് കയറ്റി അയച്ചതോടെ, സെപ്തംബറിലെ മൊത്ത വിൽപ്പന 10,025 ആയി.

ടെക്ടൂൺ, മാഗ്നൈറ്റ്, ഗ്രാവൈറ്റ് എന്നീ വാഹനങ്ങൾക്കുണ്ടായ ആവശ്യകതയും ഡീലർനെറ്റ് വർക്കിന്റെ വികസനവും വിൽപ്പനക്ക് ആക്കം കൂട്ടി.

# കീർത്തി സുരേഷ് അവതരിപ്പിക്കുന്ന ക്യാംപയിൻ ചന്ദ്രിക പുറത്തിറക്കി

**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിന്റെ ആയുർവേദ സോപ്പ് ബ്രാൻഡായ ചന്ദ്രിക, ബ്രാൻഡ് അംബാസഡർ കീർത്തി സുരേഷിനെ നായികയാക്കി പുതിയ ക്യാമ്പെയ്ൻ പുറത്തിറക്കി.സ്വാഭാവിക തിളക്കമുള്ള ചർമ്മം നൽകുമെന്ന ചന്ദ്രികയുടെ ദീർഘകാല വാഗ്ദാനം പുതിയ തലമുറ ഉപഭോക്താക്കളിലേക്ക് എത്തിക്കുകയാണ് ക്യാമ്പെയിൻ ലക്ഷ്യമിടുന്നത്.ആയുർവേദ പാരമ്പര്യത്തിന്റെ കരുത്തിൽ ആധുനിക ശൈലിയിൽ രൂപം കൊണ്ട, പ്രകൃതിദത്തമായ സൗന്ദര്യത്തെ ആഘോഷിക്കുന്നതിനൊപ്പം വെളിച്ചെണ്ണയുടെയും ഏഴ് ഔഷധസസ്യങ്ങളുടെയും ഗുണങ്ങൾ എടുത്തുകാണിക്കുന്നു.

വെളിച്ചെണ്ണ അടിസ്ഥാനമാക്കി തയ്യാറാക്കിയ ചന്ദ്രികയിലെ ആയുർവേദ ചേരുവകളെ എടുത്തുകാണിക്കുന്നതിലൂടെ, ആധുനികതയും പാരമ്പര്യവും ഒത്തുചേരുന്ന രീതിയിൽ സ്വാഭാവിക തിളക്കമുള്ള ചർമ്മമാണ് ക്യാമ്പയിൻ വാഗ്ദാനം ചെയ്യുന്നതെന്ന്, വിപ്രോ കൺസ്യൂമർ കെയർ മാർക്കറ്റിംഗ് സീനിയർ ജനറൽ മാനേജർ രവീന്ദ്ര രാമവത്ത് പറഞ്ഞു.

# എഐ വ്യാപിപ്പിച്ച് എയർ ഇന്ത്യ

**തിരുവനന്തപുരം:** ഉപഭോക്തൃ സേവന മേഖലയിൽ ഒന്നാകെ ഏജൻറ്ഫോഴ്സ് ഉപയോഗം വ്യാപിപ്പിക്കാൻ തീരുമാനിച്ചതായി എയർ ഇന്ത്യ എഐ സിആർഎം ആയ സെയിൽസ്ഫോഴ്സ് അറിയിച്ചു.

തുടക്കത്തിൽ റീഫണ്ട് നടപടികൾക്കായി മാത്രം ഉപയോഗിച്ചിരുന്ന എഐ ഏജൻറുകൾ ഇപ്പോൾ വിമാന യാത്രാ സേവനത്തിലെ വിവിധ സങ്കീർണമായ ജോലികൾക്കു പരിഹാരം കണ്ടെത്താനും ഉപയോഗിക്കുന്നു. യാത്രക്കാരുടെ ആവശ്യങ്ങൾ മനസിലാക്കി തടസമില്ലാത്ത സേവനങ്ങൾ നൽകാൻ ഇനി എയർ ഇന്ത്യയ്ക്കു സാധിക്കും.

# ബിഗ് ബില്യൺ ഡേയ്സ് ഓഫറിൽ മോട്ടറോള

**തിരുവനന്തപുരം:** ഫ്ളിപ്കാർട്ടിന്റെ ബിഗ് ബില്യൺ ഡേയ്സ് വിൽപ്പനയുടെ ഭാഗമായി മോട്ടറോള പ്രത്യേക ഉത്സവകാല ഓഫറുകൾ പ്രഖ്യാപിച്ചു. എഡ്ജ് 70 ഫ്യൂഷൻ, എഡ്ജ് 70 പ്രോ, എഡ്ജ് 70 പ്രോ+, മോട്ടോ ജി37 പവർ, മോട്ടറോള സിഗ്നേച്ചർ തുടങ്ങിയ മോഡലുകൾ പ്രത്യേക വിലയിൽ ലഭിക്കും.

എഡ്ജ് 70 ഫ്യൂഷൻ 29,999 രൂപ മുതലാണ് ലഭിക്കുക. 50 മെഗാപിക്സൽ സോണി ലൈറ്റിയ 710 ക്യാമറ, 1.5കെ ട്രൂ കളർ ക്വാഡ് കർവ്ഡ് ഡിസ്പ്ലേ, 7,000 എംഎഎച്ച് ബാറ്ററി എന്നിവയാണ് ഇതിൻ സവിശേഷതകൾ. എഡ്ജ് 70 പ്രോ 36,999 രൂപ മുതലും എഡ്ജ് 70 പ്രോ+ 44,999 രൂപയ്ക്കും ലഭിക്കും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com